V. റിപ്പോർട്ട് സമർപ്പണം

(1) 1986-ലെ കേരള പണം കടംകൊടുപ്പുകാർ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, 1986-ലെ കേരള പണം കടം കൊടുപ്പുകാർ (ഭേദഗതി) ബില്ലിൻമേലുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(2) എസ്റ്റിമേറ്റ്സ് കമ്മിറ്റി റിപ്പോർട്ട്

ശ്രീ. തേമ്പിൽ രാമകൃഷ്ണൻ : സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയിലെ അംഗമായ ഞാൻ കമ്മിറ്റിയുടെ 24-ാമത് റിപ്പോർട്ട് ചെയർമാനുവേണ്ടി സമർപ്പിക്കുന്നു.

VI. നിയമനിർമ്മാണകാര്യം

(1) 1986-ലെ കേരള സർവ്വേ-അതിരടയാള (ഭേദഗതി) ബിൽ

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1986-ലെ കേരള സർവ്വേ അതിരടയാള (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) : സർ, ഞാൻ പിൻതാങ്ങുന്നു.

(ശ്രീ. പി. ജെ. ജോസഫ്) : ഈ ഭേദഗതിയുടെ ആവശ്യകത സഭ ഒരു പരിധിവരെ അംഗീകരിച്ചു തന്നിരിക്കുകയാണ്. സബ്ജക്ട് കമ്മിറ്റി ഈ വിഷയം ചർച്ച ചെയ്തു, സബ്ജക്ട് കമ്മിറ്റിയിൽനിന്ന് ഏകകണ്ഠമായി ഇത് പാസാക്കിത്തരണമെന്നുള്ള അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ രണ്ട് ആവശ്യങ്ങളാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. ഒന്ന്, ലാൻഡ് അക്വിസിഷൻ, മറൈനന്ന് റീ-സർവ്വേ. റീ-സർവ്വേയെ സംബന്ധിച്ച് പായുമ്പോൾ ഈ സംസ്ഥാനത്ത് വളരെ വ്യാപകമായ തോതിൽ, വളരെയേറെ പണച്ചെലവുള്ള ഒരു ജോലിയാണ് ഏറ്റെടുത്തിട്ടുള്ളത്. ഏതാണ്ട് 44 താലൂക്കുകളിൽ ഉള്ള റീ-സർവ്വേ പ്രവർത്തനങ്ങൾ ഏറ്റെടുത്തു. 18 താലൂക്കുകളിൽ പൂർണ്ണമായും റീ-സർവ്വേ ജോലികൾ പൂർത്തിയാക്കി. റീ-സർവ്വേ റിക്കാർഡുകൾ സർവ്വേ റെക്കോർഡുകളാക്കി മാറുന്നതിന് ചില നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതായുണ്ട്. അതിൽ ഒരു കാര്യത്തിനാവശ്യമായ ഒരു അമൻറ്മെൻറാണ് ഇവിടെ വന്നത്. സെക്ഷൻ 9 (2)-ൽ ആണ് അമൻറ്മെൻറ് ആവശ്യമായി വന്നത്. എല്ലാ രജിസ്റ്റേർഡ് ലാൻഡ് ഹോൾഡേഴ്സിനും നോട്ടീസ് കൊടുത്തതിനുശേഷം മാത്രമേ ഇതിന് അവസാന രൂപം ഉണ്ടാക്കാവൂ, അവസാന തീർപ്പ് കൽപ്പിക്കാവൂ എന്ന് വ്യവസ്ഥയുണ്ടായിരുന്നു. ഈ സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും നോട്ടീസ് കൊടുത്ത്—രജിസ്റ്റേർഡ്

LIBRARY ARCHIVES Kerala Legislative Assembly

ഹോംഡേഴ്സിനും അതിന്റെ അതിർത്തിയിലുള്ള മുഴുവൻ ആളുകൾക്കും—നോട്ടീസ് കൊടുത്ത് അങ്ങനെയൊരു നടപടിക്രമം പൂർത്തിയാക്കാൻ വളരെ കാലതാമസം ഉണ്ടാകുമെന്ന് മനസ്സിലാക്കിയതിനെത്തുടർന്ന് അങ്ങനെ ഇൻഡിവിഡുവൽ നോട്ടീസ് കൊടുക്കേണ്ട, മറിച്ച് ഗസറ്റിലോ, ആ പ്രദേശത്ത് സർക്കുലേഷനുള്ള രണ്ടു പത്രങ്ങളിലോ ഇത് പ്രസിദ്ധീകരിച്ചാൽ മതി, അതുപോലെ വില്ലേജ് ആഫീസിലും താലൂക്കാഫീസിലും, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ—പഞ്ചായത്ത്, മുനിസിപ്പാലിറ്റി ആഫീസുകളിലോ—ഇത് പ്രസിദ്ധീകരിച്ചാൽ മതിയെന്നുള്ള ഒരു അമൻറ്മെൻറാണ് ഇതിൽ കൊണ്ടുവന്നിരിക്കുന്നത്. അതുവഴി വളരെയേറെക്കാലമായി തീരുമാനമാകാതെ കിടന്ന കാര്യത്തിന് തീരുമാനമായി, സംസ്ഥാനത്തെ 125 വില്ലേജുകളിൽ ഇതിനനുസരിച്ചുള്ള നടപടികളും സ്വീകരിച്ചു. ഈ പ്രസിദ്ധീകരണത്തിനു ശേഷം അവസാനത്തെ നോട്ടിഫിക്കേഷൻ–സെക്ഷൻ (30)-ൽ കൊടുത്തുകൊണ്ട് സർവ്വേ റെക്കോർഡുകളും വെസ്റ്റ് റെക്കോർഡുകളാക്കി സെറ്റിൽമെൻറാക്കി, 46 വില്ലേജുകളിൽ ആ നടപടികളും പൂർത്തീകരിക്കാൻ കഴിഞ്ഞത് ഈ അമൻറ്മെൻറിന്റെ അടിസ്ഥാനത്തിലാണ്. അത് ഓർഡിനൻസായി പുറപ്പെടുവിച്ച അന്നത്തെ അത്യാവശ്യം പരിഗണിച്ച് അത് ബില്ലായി ഈ സഭ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

Shri M. V. Mani: Sir, I move that the Kerala Survey and Boundaries (Amendment) Bill, 1986 as reported by the Subject Committee be circulated for obtaining public opinion.

നമ്മുടെ റവന്യൂ ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ അടുത്തകാലത്തായി വളരെ വിപ്ലവകരമായ മാറ്റങ്ങളുണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ് ഈ നിയമനിർമ്മാണം ഇവിടെ നടപ്പിലാക്കിയത്. നമ്മുടെ ഭൂമിയെ സംബന്ധിച്ചിടത്തോളം സമഗ്രമായ ഒരു റീ-സർവ്വേ നടത്താത്തതുകൊണ്ടും പഴയകാലത്ത് ചെയ്തിട്ടുള്ള സർവ്വേ സ്കെച്ചും, ബൗണ്ടറിസ്റ്റോണുകളും ഇന്ന് നിലവിലില്ലാത്തതുകൊണ്ടും നമ്മുടെ ഭൂമിയെ സംബന്ധിച്ചുള്ള പല തർക്കങ്ങളും, കേസ്സുകളും ഒരു തീരുമാനവുമാകാതെ കിടക്കുകയാണ്. നമ്മുടെ ഭൂമിക്ക് ബ്രിട്ടീഷുകാരുടെ കാലത്താണ് നല്ലരീതിയിലുള്ള ഒരു സർവ്വേ നടന്നത്. പക്ഷേ അതിനുശേഷം ഭൂമിയിൽ കൈമാറ്റങ്ങളും, രൂപപ്പെടുത്തൽ എന്നിവ ഉണ്ടായിട്ടുണ്ട്. ഇന്ന് ഭൂമിയുടെ അവകാശത്തെ സംബന്ധിച്ചിടത്തോളവും, ബൗണ്ടറികളെ സംബന്ധിച്ചിടത്തോളവും ഉള്ള തർക്കങ്ങൾ സിവിൽ കോടതികളിൽത്തന്നെ വളരെയധികമുണ്ട്. അതിനാൽ ഇത്തരം ഭൂമികൾ റീ-സർവ്വേ ചെയ്ത് ശരിയായ രീതിയിൽ ബൗണ്ടറിസ്റ്റോണുകൾ കൊടുക്കുകയെന്നുള്ളത് വളരെ അടിയന്തിരമായ ഒരു കാര്യമാണ്. അതിനുവേണ്ടിയുള്ള നടപടികൾ കുറേക്കൂടി വേഗത്തിൽ ചെയ്യേണ്ടതാണ്. ഇപ്പോൾ സ്പെഷ്യൽ സ്കാഡുകളെയൊക്കെവച്ചിട്ടുണ്ടെങ്കിലും ബഹുമാനപ്പെട്ട മന്ത്രിതന്നെ ആ ജോലി മുഴുവൻ പൂർത്തിയായിട്ടില്ല എന്നു പറഞ്ഞു. 44 താലൂക്കുകളിലേ ആയിട്ടുള്ളൂ, ബാക്കിയുള്ള എല്ലാ താലൂക്കുകളിലുംകൂടി ഏറ്റവും അടിയന്തിരമായി ഈ സർവ്വേ ജോലി പൂർത്തിയാക്കേണ്ടതുണ്ട്.

അടുത്ത കാലത്തായി നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി പട്ടയം പാസ്ബുക്ക് കൊടുക്കുന്ന ഒരു നടപടി ആരംഭിച്ചിട്ടുണ്ട്. ഈ ഗവൺമെൻറിന്റെ ആദിമുഖത്തിൽ റവന്യൂ ഡിപ്പാർട്ടുമെൻറിൽ വളരെ വിപ്ലവകരമായ ഒരു മാറ്റത്തിനു വേണ്ടിയാണ് ഈ നടപടി സ്വീകരിച്ചിട്ടുള്ളത്. ഈ പട്ടയം പാസ്ബുക്കിൽ ഭൂമിയുടെ എല്ലാ വിശദ വിവരങ്ങളും ഉള്ളതുകൊണ്ട് ലോൺവാങ്ങിക്കുന്നതിനും മറ്റ് ആവശ്യങ്ങൾക്കും ഒരു റേഷൻ കാർഡുപോലെ ഈ പട്ടയം പാസ്ബുക്ക് ഉപയോഗപ്പെടുത്താം. പട്ടയം പാസ്ബുക്ക് കഴിഞ്ഞവർഷം മുതൽ

LIBRARY ARCHIVES Kerala Legislative Assembly

നടപ്പാക്കി തുടങ്ങി, ബാക്കിയുള്ള എല്ലാ സ്ഥലങ്ങളിലും വളരെ വേഗം നടപ്പാക്കണം. ഇത് കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെ നല്ല ഒരു കാര്യമാണ് എന്നു പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി ഞാൻ ഇതിനെ അനുകൂലിക്കുന്നു.

ഡോ. കെ. സി. ജോസഫ് : സർ, ശ്രീ. കെ. കൃഷ്ണൻകുട്ടിക്ക് പകരം ശ്രീമതി ഗൗരിയമ്മയ്ക്ക് പ്രസംഗിക്കാമെന്ന് നേരത്തെ ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽവച്ച് ഒരു ധാരണയിലെത്തിയിരുന്നു.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഞാൻ ശ്രീ. കൃഷ്ണൻകുട്ടി നോട്ടീസ് നൽകിയിരുന്ന ഭേദഗതി അവതരിപ്പിക്കുകയാണ്.

I move that the Kerala Survey and Boundaries (Amendment) Bill, 1986 as reported by the Subject Committee be recommitted to the same subject Committe.

സർ, ഈ നിയമത്തിൽ രണ്ടു കാര്യങ്ങൾക്കുവേണ്ടിയാണ് ഇന്ന് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഒന്ന്, പൊന്നും വിലയ്ക്കെടുക്കുമ്പോൾ നടക്കുന്ന സർവ്വേക്കും റീ-സർവ്വേ നടക്കുന്നയവസരങ്ങളിലും വ്യക്തികൾക്ക് നോട്ടീസ് വേണ്ടെന്നാണ് പറഞ്ഞിരിക്കുന്നത്. ഇതൊരു വലിയ അത്യാഹിത മുണ്ടാക്കാൻ പോകുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ നാട്ടിൽ സർവ്വേ നടത്തിയിട്ട് വളരെക്കാലങ്ങളായി. ഡിവിഷനും സബ്ഡിവിഷനുമില്ലാതെ അതിർത്തികളെ സംബന്ധിച്ച് തർക്കമുണ്ട്. ഇന്ന് നിലവിലിരിക്കുന്ന എല്ലാ രേഖകളും മാറ്റിവച്ച് കർഷകന്റെ കൈവശാവകാശം മാത്രം കണക്കിലെടുത്താണ് റീ-സർവ്വേ അംഗീകരിക്കാൻ നിർദ്ദേശിച്ചിരിക്കുന്നത്. റീ-സർവ്വേ അങ്ങനെയാണ്. കൈവശാവകാശം മാത്രമാണ് സർവ്വേ പാർട്ടി നോക്കുന്നത്. രേഖവച്ച് ഇത്ര സെന്റ് അല്ലെങ്കിൽ ഇത്ര ഏക്കർ എന്ന് നോക്കുന്നില്ല. പഴയ പട്ടയമൊന്നും നോക്കുകയില്ല. പഴയ രേഖയിൽനിന്ന് വ്യത്യസ്തമായി പുതിയതായിട്ട് രേഖയുണ്ടാക്കാൻ പോകുന്നു. ഇതിൽ സർവ്വേ പാർട്ടി വിചാരിച്ചാൽ കുഴപ്പമുണ്ടാക്കാൻ സാധിക്കും. പണക്കാരൻ പണമുപയോഗിച്ചാൽ അടുത്ത വസ്തു ഉടമയുടെ ഭൂമി സ്വന്തമാക്കാം. അത് ഫൈനലൈസ് ചെയ്യാൻ നോട്ടീസ് ഇല്ലാതെ വന്നാൽ സ്ഥിതി നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. അപ്പീൽ കൊടുക്കാനുള്ള കാലം കഴിഞ്ഞായിരിക്കും പാവം അറിയുന്നതുതന്നെ. ഇതിൽ ആ പാർട്ടിക്ക്, വസ്തുവിന്റെ ഉടമയായിട്ടുള്ള ആളിന് നോട്ടീസ് കൊടുത്തില്ലെങ്കിൽ, രണ്ടു പത്രങ്ങളിൽ പ്രസിദ്ധീകരിക്കുമെന്ന് പറഞ്ഞാൽ, ആഫീസിലിടും. എന്നു പറഞ്ഞാൽ പാവപ്പെട്ടവൻ അറിയേണ്ട സമയത്ത് അറിയുകയില്ല. ഗവൺമെന്റ് സ്ഥാപനങ്ങളിലേക്കുള്ള ജോലിയൊഴിവുകൾ പത്രത്തിൽ പ്രസിദ്ധീകരിക്കാറുണ്ട്. ആവശ്യക്കാർ പോലും, അടുത്തു താമസിക്കുന്ന ആളുകൾപോലും കാണാറില്ല. എല്ലാ ദിവസവും കൃത്യമായി പത്രത്തിൽ നോക്കി എന്ന് വരികയില്ല. അതുകൊണ്ടാണ് ഞാൻ പറയുന്നത് ഇത് അബദ്ധമാണ് എന്ന്. ഇത് ഈ നാട്ടിൽ കലാപമുണ്ടാകുന്നതരത്തിലുള്ള നടപടിയായി മാറും. പൊസഷൻ മാത്രം വച്ചുകൊണ്ട് റീ-സർവ്വേ നടത്തുന്നതിനുള്ള ഉത്തരവുണ്ടാകുകയും, ആ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർവ്വേ നടത്തുകയും ചെയ്യുന്ന അവസരത്തിൽ വസ്തുവിന്റെ ഉടമസ്ഥനായിരുന്ന ആളിന്, പട്ടയം കൈവശമുണ്ടായിരുന്ന ആളിന് അവസാന നോട്ടീസിൽ ആക്ഷേപം കൊടുക്കാനും അപ്പീൽ കൊടുക്കാനും സമയത്തിനുമുമ്പ് അറിഞ്ഞിരിക്കണം. സർവ്വേ കഴിഞ്ഞ് അവരുടേതായിട്ടുള്ള പ്ലാനും ശരിയാക്കി അംഗീകരിച്ചു കഴിഞ്ഞാൽപ്പിന്നെ പ്ലാൻ മാറ്റിയെടുക്കാൻ വലിയ ബുദ്ധിമുട്ടാണ്. സാധാരണ കൃഷിക്കാരന് ഈ സർവ്വേയിലെ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

മുഴുവൻ പട്ടവട്ടങ്ങളും അറിയില്ല. അതിലെന്തൊക്കെയാണ് വേണ്ടത്, ഏതു വിധത്തിലാണ് അപ്പീൽ തയ്യാറാക്കി കൊടുക്കേണ്ടത്, എന്താണ് ചെയ്യേണ്ടത് എന്നൊക്കെ അറിയാത്ത ആളുകളാണ്. അങ്ങനെയറിയാത്ത ആളുകളെ സംബന്ധിച്ച് അവർക്ക് ഒരു നോട്ടീസ് കൊടുക്കാതെ റീ-സർവ്വേ നടത്തുന്നതു വലിയ ആപത്താണ്.

രണ്ടാമതു പബ്ലിക് പർപ്പസിനു എടുക്കുന്ന ഭൂമി. പബ്ലിക് പർപ്പസ് സെന്നു പറഞ്ഞാൽ ഗവൺമെന്റിനു ഭൂമിയെടുക്കുന്നത് മാത്രമാണോ? ഹൈക്കോടതി വിധികളിൽ പറഞ്ഞിരിക്കുന്നത് അഞ്ചിൽക്കൂടുതൽ ആളുകൾക്ക് പണി കൊടുക്കുന്ന സ്ഥാപനമായാൽമതി അത് പബ്ലിക് പർപ്പസ് സാണെന്നാണ്. ഞാൻ ഇത് എതിർക്കാൻവേണ്ടി പറയുന്നതല്ല. അനുഭവിച്ചുകൊണ്ടിരിക്കുന്ന ഭൂമിയെടുത്ത് സർവ്വേ നടത്തിയാൽ വസ്തു ഉടമയ്ക്ക് കാര്യം പറയാൻ അവകാശമില്ലേ? ആരുടെയെങ്കിലും ഇൻറെറസ്റ്റിനു ഹാനികരമായ ഒരു പ്രവൃത്തിക്ക് സമാധാനം പറയാൻ അയാൾക്ക് അവകാശമില്ലാതെ വിധിയാകുന്നത് ഭരണഘടനാ വിരുദ്ധമാണ്. പൊന്നുംവില പുതിയ നിയമം വന്നു. നിയമം വന്നുകഴിഞ്ഞതിനുശേഷം അവർക്ക് സൊലേഷ്യം കൂടും. കോമ്പൻസേഷൻ കൂടും. അതിനെപ്പറ്റി അറിയാത്ത ഭൂഉടമകൾ സമയത്തിന് അപേക്ഷ കൊടുക്കാഞ്ഞാൽ സൊലേഷ്യൻ കിട്ടുകയില്ല. ഇതിൽ ഇത്രതീയതിക്കകം അപ്പീൽ കൊടുക്കണമെന്നുള്ള വ്യവസ്ഥ നിയമത്തിലുണ്ടായിട്ടുപോലും പാവപ്പെട്ട കർഷകനോ, സാധാരണക്കാരനോ അതു അറിയില്ല. ഇന്നിപ്പോൾ വന്നിരിക്കുന്ന ഈ പത്രപ്രസ്താവന വഴി നടപടി നടത്താൻ പറ്റുമോ? അതുകൊണ്ടാണ് ഞാൻ പറയുന്നത്, റീ-സർവ്വേ പാർട്ടി വസ്തു ഉടമയ്ക്ക് നോട്ടീസ് കൊടുത്തില്ലെങ്കിൽ വലിയ ആക്ഷേപം ഉണ്ടാകാൻ പോകുകയാണ് എന്ന്. രണ്ടാമത്തേത് സംബന്ധിച്ച് റിസർവേഷനോടു കൂടിവേണം. പബ്ലിക് പർപ്പസ് സെന്നു പറഞ്ഞു കമ്പനികൾക്ക് സ്ഥലം എടുക്കാറുണ്ട്. പ്രൈവറ്റ് കമ്പനികൾക്ക് എടുക്കാറുണ്ട്. അല്ലെങ്കിൽ നാട്ടിൽ വേറെ വല്ലതും നടക്കുമോ? ഒരു കമ്പനിക്ക് ഭൂമി എടുക്കേണ്ടിവന്നാൽ, വേറെ എന്തെങ്കിലും ആവശ്യത്തിന് കൂടുതൽ ജനങ്ങൾക്ക് ഉപകരിക്കുന്ന എന്തെങ്കിലും ആവശ്യത്തിനാണെങ്കിൽ അത് പബ്ലിക് പർപ്പസ് സാണ്. കോടതിവിധികളും അതാണ്. അതുകൊണ്ട് പൊതു ആവശ്യത്തിനെന്നു പറഞ്ഞുവരുന്നതിനും ഒരു നോട്ടീസ് കൊടുത്താൽ വലിയ ആപത്തൊന്നും വരാനില്ല. നമ്മുടെ റവന്യൂറിക്കവറി നടത്തുന്നതിന്, മൂവബിൾസ് ഡിസ്ട്രെയിൻ ചെയ്യുന്നതിന് അവർക്ക് ഒരു നോട്ടീസ് കൊടുക്കാതെ വരുന്നതുകൊണ്ട് കോടതിയിൽ കേസ് പെരുകുന്നു. നോട്ടീസ് കൊടുക്കാതിരിക്കാൻ ഒരൊറ്റ കാരണമാണ് പറഞ്ഞത്. മലയോരത്തെ കാർഡമം കർഷകർ ഈ സാധനം കൊണ്ട് മദ്രാസ്സ് സ്റ്റേറ്റിനപ്പുറത്ത് കടന്നുകളയും. എങ്കിൽ ആ സാധനത്തിന് മാത്രം പോരെ? ഇന്ന ഏരിയായിൽ മാത്രമാണ് ഇത് ആപ്ലിക്കബിൾ എന്നു പോരേ? മൂവബിൾ സാധനങ്ങളാണ് ഡിസ്ട്രെയിൻ ചെയ്യുന്നത്. ഇപ്പോൾ നിങ്ങൾ ഇഷ്ടമുള്ളത്രയും സ്റ്റേ കൊടുക്കുന്നില്ലേ? കാരണമെന്താണ്? സാധാരണ നോട്ടീസ് കിട്ടാത്തവൻ താലൂക്കിൽ പോകും. തഹസീൽദാർ കൈമലർത്തും. അതിനുശേഷം കളക്ടറേറ്റിൽ ചെല്ലും, അവരും കൈമലർത്തും. മന്ത്രിയുടെ അടുത്തുപോകാൻ പറയും. കാശും മുടക്കി ആളുകൾ ഇവിടെ ഓടിവരേണ്ട സ്ഥിതിയാണ് ഈ നിയമംകൊണ്ട് വരാൻ പോകുന്നത്. അതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. നിങ്ങൾക്കിത് പരിശോധിക്കാം. റീ-സർവ്വേക്ക് എന്താണ് വേണ്ടതെന്ന് വല്ലവരോടും ചോദിക്കൂ. ഇതെല്ലാം കഴിഞ്ഞതിനുശേഷം ഇത് മാറുന്നത് വേണ്ടെന്നു വയ്ക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ജെ. ജോർജ് : സർ, എന്താണ് എന്നെ ഓവർടേക്ക് ചെയ്തു പോകുന്നത് ?

മി. സ്പീക്കർ : ഇതിന് ആകെ അര മണിക്കൂറേയുള്ളൂ. ബിസിനസ് അഡ്വൈസറി കമ്മിറ്റി അര മണിക്കൂറേ ഇതിന് വച്ചിട്ടുള്ളൂ.

ശ്രീ. കെ. ജെ. ജോർജ് : ഞങ്ങൾക്ക് പറയാനുള്ളത് പറയേണ്ടേ ? ഞാൻ മൂന്നാമതായിട്ടുള്ള ആളാണ്. എനിക്ക് പറയാൻ സാധിക്കേണ്ടേ ? ശ്രീ. എം.വി. മാണി അവതരിപ്പിച്ച ഭേദഗതിയാണ്. സപ്പോർട്ട് ചെയ്തു സംസാരിക്കേണ്ട ആളല്ലേ ഞാൻ.

മി. സ്പീക്കർ : അങ്ങയ്ക്ക് ഈ പറഞ്ഞതിൽനിന്നും വിട്ടു വല്ലതും പറയാനുണ്ടെങ്കിൽ പറയാം.

ശ്രീ. കെ. ജെ. ജോർജ് : എനിക്ക് അവകാശമുണ്ട്.

മി. സ്പീക്കർ : അവകാശമുണ്ട്. പക്ഷെ....

ശ്രീ. കെ. ജെ. ജോർജ് : ഡോക്ടർ കെ. സി. ജോസഫ് പറയുന്നതല്ല അവകാശം.

മി. സ്പീക്കർ : നോ. മി. ജോർജ്, അങ്ങ് സംസാരിച്ച് സമയം കളയണ്ട. ശ്രീ. ജോർജ്ജിന്റെ ഭേദഗതിയായ പബ്ലിക് ഒപ്പീനിയൻ അയയ്ക്കണമെന്ന അതേ ഭേദഗതിയാണ് ശ്രീ. എം. വി. മാണി മൂവ് ചെയ്തത്. പിന്നെ മൂവ് ചെയ്യേണ്ട ആവശ്യമില്ല. ശ്രീ. കൃഷ്ണൻകുട്ടിയുടെ ഭേദഗതിയാണ് ഗൗരിയമ്മ മൂവ് ചെയ്തത്. അങ്ങ് അവകാശത്തെക്കുറിച്ച് പറഞ്ഞാൽ അര മണിക്കൂർ മാത്രമേയുള്ളൂ. അങ്ങ് ഭേദഗതി മൂവ് ചെയ്യേണ്ട. ഭേദഗതി നേരത്തെ മൂവ് ചെയ്തതാണ്. സംസാരിക്കാനുണ്ടെങ്കിൽ പറയൂ. രണ്ടു മിനിറ്റുകൊണ്ട് അവസാനിപ്പിക്കണം.

ശ്രീ. കെ. ജെ. ജോർജ് : സർ, നോട്ടീസ് കൊടുക്കാതെ സർക്കാരിന്റെ ആവശ്യത്തിനും മറ്റു പൊതു ആവശ്യങ്ങൾക്കും ഭൂമി എടുക്കുകയെന്നു പറഞ്ഞാൽ ഭൂമിയുടെ ഉടമസ്ഥൻ അറിയാതെ ഭൂമിയെടുത്തു പോകുന്നു എന്നുള്ളതാണ് അതിന്റെ വിഷമത. ഗസറ്റ് നോട്ടിഫിക്കേഷനിൽ പറയുന്നുണ്ട്. എല്ലാ വീടുകളിലും ഗസറ്റ് എത്തുന്നില്ല. രണ്ടു പത്രങ്ങളിൽ പരസ്യപ്പെടുത്തുമെന്നു പറഞ്ഞു. ഈ രണ്ടു പത്രങ്ങളും എല്ലാപേരും വായിച്ചുകൊള്ളണമെന്നില്ല. അങ്ങനെ വായിക്കുവാൻ സാധിക്കാത്ത ആളുകൾക്ക് അവരുടെ ഭൂമിയെടുത്തത് എങ്ങനെയാണ് മനസ്സിലാക്കുവാൻ സാധിക്കുക ? അതുകൊണ്ട് നിർബ്ബന്ധമായും നോട്ടീസ് കൊടുക്കണം. ലാൻഡ് അക്വിസിഷനെന്നു പറയുന്നത് നോട്ടീസ് കൊടുത്ത് അവരുടെ ആക്ഷേപങ്ങൾ കേട്ടതിനു ശേഷം തീരുമാനമെടുക്കണം. അല്ലാതെ ഗസറ്റിലും പത്രത്തിലും മാത്രം പരസ്യപ്പെടുത്തിയതുകൊണ്ട് കാര്യമില്ല. അതുകൊണ്ട് ഏതെല്ലാം ഭൂമിയാണ് എടുക്കാൻ പോകുന്നതെന്ന് നോട്ടീസ് കൊടുക്കണം.

റീ സർവ്വെയുടെ കാര്യവും അതുപോലെതന്നെയാണ്. അതായത് റീ സർവ്വെ സ്ഥലം ഉടമസ്ഥനറിയാതെ ഒരു ഉദ്യോഗസ്ഥൻ ഇവിടെയിരുന്നു ചെയ്യുന്നതാണ് പല കുഴപ്പങ്ങൾക്കും കാരണം. ശ്രീ. ലോനപ്പൻ നമ്പാടൻ സബ്മിഷനിൽ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞമാതിരിതന്നെ പോലീസുദ്യോഗസ്ഥൻ മാനഭംഗം ചെയ്ത സംഭവം മൊക്കെയുണ്ടായത് അങ്ങനെയാണ്. അതിർത്തി തർക്കം, ആ തർക്കങ്ങളും ഇപ്പോഴും പോലീസ് സ്റ്റേഷനിലാണ് തീരുമാനിക്കുന്നത്. പോലീസുദ്യോഗസ്ഥൻ തീരുമാനിക്കേണ്ട സാഹചര്യങ്ങളാണ് ഉള്ളത്. ഇവിടെ ഒരു ലാന്റ് ഓർഡർ ഉള്ളതിന്റെ പേരിൽ പോലീസ് ഇൻസ്പെക്ടറും പോലീസ് ഉദ്യോഗസ്ഥന്മാരും തീരുമാനമെടുത്തു അതിർത്തി നിശ്ചയിക്കുന്ന കാലഘട്ടമാണ്. അതുകൊണ്ട് റവന്യൂ മന്ത്രി ഇവിടെ അവതരിപ്പിച്ച റീ സർവ്വെ നോട്ടീസ് കൊടുക്കാതെ ചെയ്താൽ അതിലുണ്ടാകുന്ന ഭവിഷ്യത്തു വീണ്ടും ഇവിടെയൊരു കലാപം സൃഷ്ടിക്കും. ആ കലാപം സൃഷ്ടിക്കുന്നത് ഒഴിവാക്കാൻവേണ്ടി നോട്ടീസ് കൊടുത്തേ ഈ റീ സർവ്വെ നടത്താൻ പാടുള്ളൂ. അതുകൊണ്ട് ഞാൻ ഇതു വളരെയധികം നിർബന്ധമായി പറയുന്നു. നോട്ടീസ് കൊടുത്തു മാത്രമേ റീ സർവ്വെ ചെയ്യാനും അതുപോലെ പൊന്നുംവിലയ്ക്ക് ഭൂമി എടുക്കാനും പാടുള്ളൂ.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, നമ്മുടെ സംസ്ഥാനത്ത് 1966-67-ൽ റീ സർവ്വെ നടപടികളും ആരംഭിച്ചതാണ്. 32,000 സ്കയർ കിലോമീറ്ററിൽ ഇത് പൂർത്തിയാക്കണം. ഇത്രയും വർഷങ്ങൾ കൊണ്ട് 44 കോടി രൂപ ചെലവഴിച്ചുകഴിഞ്ഞിരിക്കുന്നു. ഫീൽഡ് സർവ്വെ പൂർത്തിയായാൽ ഓഫീസിലും അതിന്റെ മാറാം ഉണ്ടാകണം. ഇല്ലെങ്കിൽ എത്രതുക ചെലവഴിച്ചാലും നമുക്ക് അതുകൊണ്ടുള്ള പ്രയോജനം ഉണ്ടാവുകയില്ല. ഡിസ്പ്യൂട്ട് ഇല്ലാത്ത കേസിൽ ഓരോ വ്യക്തിക്കും നോട്ടീസ് കൊടുത്തുകൊണ്ട് ചെയ്യുകയാണെങ്കിൽ ഇത് അടുത്തകാലത്തൊന്നും പൂർത്തിയാക്കാൻ കഴിയുകയില്ലായെന്നുള്ളത് മനസ്സിലാക്കിക്കൊണ്ടാണ് ഈ അമെൻറുമെൻറ് കൊണ്ടുവരാൻ ഗവൺമെൻറ് നിർബന്ധിതമായിരിക്കുന്നത്. ഈ അമെൻറുമെൻറിന് ശേഷം മാത്രമാണ് പിന്നീട് പ്രോഗ്രസ് ഉണ്ടാക്കാൻ കഴിഞ്ഞത്. ഏതാണ്ട് 350-ഓളം വില്ലേജുകളിൽ ഈ ഫീൽഡ് വർക്ക് പൂർത്തിയാക്കി. 126 വില്ലേജുകളിൽ അമെൻറുമെൻറിന് ശേഷമാണ് പുരോഗതിയുണ്ടായിട്ടുള്ളത്. 46 വില്ലേജുകളിൽ പൂർത്തിയാക്കിയതിനുശേഷം റീ സർവ്വെ റിക്കോർഡുകൾ റവന്യൂ റിക്കോർഡുകളാക്കി മാറ്റുവാൻ കഴിഞ്ഞു. അതിനുവേണ്ടി ചെയ്ത നടപടികൾ രണ്ടു പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും നോട്ടീസടിച്ച് വിതരണം ചെയ്യുകയും ചെയ്തു. ബഹുമാനപ്പെട്ട ഗൗരിയമ്മ പറഞ്ഞ വാദഗതികൾക്ക് ഞാൻ മറുപടി പറയുകയാണ്. നമ്മളുടെ ആളുകൾ പ്രായോഗികമായി വളരെ പ്രബുദ്ധരാണ്. 46 വില്ലേജുകളുടെ റീസർവ്വെ നടപടികളെക്കുറിച്ച് രണ്ടു പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതു സംബന്ധിച്ച് ഒബ്ജക്ഷൻ ഉള്ളവരുടെ റിക്കാഡുകൾ വില്ലേജ് ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്നു. അത് പരിശോധിക്കാമെന്ന് നോട്ടീസ് ഇട്ടിരുന്നു. ഇങ്ങനെ നോട്ടീസ് അടിച്ച് വിതരണം നടത്തിയതിന്റെ ഫലമായി 46 വില്ലേജുകളിൽ നിന്നും 35,000 പെറ്റീഷൻസ് ആണ് കിട്ടിയത്. ഒരു വില്ലേജിൽനിന്നു മാത്രം (പെരിനാട് വില്ലേജ് ആണെന്നാണ് എന്റെ ഓർമ്മ) 7000 അപേക്ഷകൾ കിട്ടി. നോട്ടീസ് കൊടുത്തിട്ടില്ല. അത് പരിശോധിച്ച് മുഴുവൻ കേസുകളിലും ഹിയറിംഗ് നടത്തിയതിനുശേഷം 46 വില്ലേജുകളിൽ റവന്യൂ റിക്കോഡുകൾ ആക്കി മാറ്റുന്നതിനുള്ള അവസാന തീരുമാനം എടുത്തിരിക്കുകയാണ്. ബാക്കിയുള്ള സ്ഥലത്തു നടപടികൾ തുടരുകയാണ്.

സർ, ഗവൺമെൻറ് ഇപ്പോൾ എടുത്തിരിക്കുന്ന മറ്റൊരു തീരുമാനം പട്ടയം പാസ്ബുക്ക് കൊടുക്കുകയെന്നുള്ളതാണ്. റീസർവ്വെ പൂർത്തിയാക്കിയിട്ടുള്ള മുഴുവൻ വില്ലേജുകളിലും പട്ടയം പാസ്ബുക്ക് കൊടുക്കുവാൻ ഗവൺമെൻറ് നയപരമായ തീരുമാനം എടുത്തിരുന്നു. പരീക്ഷണാർത്ഥം നാലു വില്ലേജുകൾ സെലക്ട് ചെയ്തു. 3 വില്ലേജുകളിലും പട്ടയം പാസ്ബുക്ക് കൊടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

നാലാമത്തെ് വില്ലേജിലും അടുത്തമാസം എട്ടാംതീയതി കൊടുക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിലുള്ള നിയമനിർമ്മാണം ഇപ്പോഴേ ഏതാണ്ട് പൂർത്തിയായിരിക്കുകയാണ്. സമയലബ്ധി അനുസരിച്ച് ഈ സഭയിൽ തന്നെ, അവതരിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്. പട്ടയം പാസ്ബുക്ക് കൊടുക്കുന്ന അവസരത്തിൽ ഓരോ മുഴുവൻ ആളുകൾക്കും നോട്ടീസ് കൊടുക്കുകയാണ്. മുഴുവൻ രജിസ്റ്റേർഡ് ഹോൾഡേഴ്സിനും നോട്ടീസ് കൊടുത്ത് അവർക്ക് എന്തെങ്കിലും ഒബ്ജക്ഷൻ ഉണ്ടെങ്കിൽ ബുദ്ധിമുട്ടുണ്ടെങ്കിൽ ആ സമയത്തു പ്രകടിപ്പിക്കാം. അപ്പോഴേ എന്തെങ്കിലും അപാകതകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ പട്ടയം പാസ്ബുക്ക് കൊടുക്കുന്നതോടുകൂടി അതു മുഴുവനും പരിഹരിക്കാൻ കഴിയും. അങ്ങനെയുള്ള പലപല ഘട്ടങ്ങൾ നമുക്ക് കടന്നു പോകേണ്ടതുണ്ട്. ഇപ്പോഴേതന്നെ ഇൻഡിവിഡുവൽ നോട്ടീസ് കൊടുക്കാതെതന്നെ ധാരാളം അപേക്ഷകൾ കിട്ടിയിട്ടുണ്ട്. അതുകൊണ്ട് വേഗത്തിൽ പൂർത്തിയാക്കുക എന്നുള്ളതു ഏറ്റവും വലിയ ആവശ്യമാണ്. ബാക്കിയുള്ള താലൂക്കുകളിൽ ഇനിയിത് ഫ്ലൈറെടുത്തു തുടങ്ങേണ്ടതായിട്ടുണ്ട്; 27 താലൂക്കുകളിൽ ഇനി ആരംഭിക്കേണ്ടതായിട്ടുണ്ട്. അതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കുകയാണ്.

സർ, നമ്മുടെ സർവ്വെ വർക്കുകൾ മോഡണൈസ് ചെയ്യേണ്ടതായിട്ടാണിരിക്കുന്നത്. കുറെക്കൂടി എക്വിപ്മെന്റ്സ് വാങ്ങേണ്ടിയിരിക്കുകയാണ്. കോപ്പീയിങ് മെഷീൻസ്പോലും നമുക്കിവിടെയില്ല. മാറ് പല സ്റ്റേറ്റുകളിലുമുണ്ട്. അത്തരം ഉപകരണങ്ങളൊക്കെ വാങ്ങിക്കൊണ്ട് ഓഫീസ് വർക്കുകൾ ത്വരിതപ്പെടുത്തേണ്ടതുണ്ട്. ഫീൽഡ് വർക്കുകൾക്കുവേണ്ടി ഇലക്ട്രോണിക് ഡിസ്റ്റൻസ് മെഷറിംഗ് ഇൻസ്ട്രുമെന്റ് തുടങ്ങിയ സാധനങ്ങളൊക്കെ വാങ്ങിക്കുവാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഈ സമയപരിധിക്കുള്ളിൽത്തന്നെ ഈ റീസർവ്വെ പൂർത്തിയാക്കാനും അതനുസരിച്ചുള്ള സെറ്റിൽമെന്റുണ്ടാക്കാനും മുഴുവൻ ലാൻഡ് ഹോൾഡേഴ്സിനും അവരുടേതായിട്ടുള്ള ഭൂമിയെസംബന്ധിച്ചുള്ള വിവരങ്ങൾ അടങ്ങുന്ന ഒരു പാസ്ബുക്ക് നൽകാനും തീരുമാനിച്ചിട്ടുണ്ട്. മുഴുവൻ കാര്യങ്ങളും രേഖപ്പെടുത്തുന്ന 36 പേജുകളുള്ള ഒരു പാസ്ബുക്കാണിത്. കാലവിളംബം ഒഴിവാക്കുന്നതിനും പട്ടയം പാസ്ബുക്ക് കൊടുക്കുന്ന അവസരത്തിൽ എന്തെങ്കിലും ഒബ്ജക്ഷൻസുണ്ടെങ്കിൽ അത് രേഖപ്പെടുത്തുന്നതിനും ഇതുമൂലം കഴിയുമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എം. വി. മാണി അവതരിപ്പിച്ച് ഭേഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീമതി. കെ. ആർ. ഗൗരി അവതരിപ്പിച്ച ഭേഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1986-ലെ കേരള സർവ്വെ അതിരടയാള (ഭേഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

(ബിൽ പരിഗണനയ്ക്കെടുത്തു.)

ക്ലാസ് 2

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, I move that in the proviso proposed to be added to sub section (1) of section 6 of the parent Act by clause 2 for the word 'or' occuring after the word "Gazette" substitute the word 'and'.

LIBRARY ARCHIVES Kerala Legislative Assembly

ഈ നിയമം എഴുതിവച്ചിരിക്കുന്ന പൊതുതത്വം അനുസരിച്ച് ഗസറ്റിൽ മാത്രം പബ്ലിഷ് ചെയ്താൽ മതിയെന്നു വരും. അതുപോരാ എന്നാണ് എന്റെ അഭിപ്രായം. എല്ലാവരും ഗസറ്റ് വായിക്കുകയില്ല. ഗസറ്റിലും അതുപോലെ രണ്ടുപത്രങ്ങളിലും പ്രസിദ്ധീകരിക്കണം. മോഡിഫൈസേഷൻ ചെയ്യുന്നതിൽ തെറ്റില്ല. ആളുകളെ അറിയിക്കാതെയുള്ള മോഡിഫൈസേഷൻ ശരിയാവുകയില്ല. ഇലക്ട്രോണിക്സ് ഉപയോഗിച്ചായാലും ഏതു മെഷീൻ ഉപയോഗിച്ച് സർവ്വെ നടത്തിയാലും അത് നടത്തുന്നതിന് മുൻപ് അതുമായി ബന്ധപ്പെട്ട കക്ഷികൾക്ക് വിവരം ലഭിക്കണം. ഇന്നു നിലവിലിരിക്കുന്ന നിയമം സ്വീകരിച്ചാൽ ഗസറ്റിൽ മാത്രം പബ്ലിഷ് ചെയ്താൽ നിയമപരമായ പബ്ലിക്കേഷൻ ആകും. അതു പോരാ. ഗസറ്റിലും സർക്കുലേഷനുള്ള രണ്ടു പത്രങ്ങളിലും ഇത് പ്രസിദ്ധീകരിക്കണം. അതുകൊണ്ട് ഇതിലെ or എന്നുള്ളത് മാറ്റി and എന്ന് ചേർക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. ബഹുമാനപ്പെട്ട മന്ത്രി ഇത് സ്വീകരിക്കണം. ഇത് നാച്വറൽ ജസ്റ്റിസ് ആവശ്യപ്പെടുന്നതാണ്. ഇത് സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. In the proviso proposed to be added to sub-section (1) of section 6 of the principal Act by clause 2 for the words "circulation in the locality" substitute the words "circulation in the District".

2. In the proviso proposed to be added to sub-section (1) of section 6 of the principal Act, for the words "in the opinion of the Survey Officer" substitute the words "in the opinion of the District Information Officer".

3. After the proviso proposed to be added to sub section.

(1) of section 6 of the principal Act by clause 2, add the following as sub-section (2) namely :—

(2) The notice referred to in sub-section (1) shall also be published simultaneously :—

(a) in the office of the Village and the Taluk in which such lands are situated ;

and

(b) in the office of the Panchayat or the municipal council or municipal corporations, as the case may be within whose jurisdiction such lands are situated.

4. In the proviso proposed to be added to sub-section (1) of section 6 of the principal Act by clause 2 for the words "may be published" substitute the words "shall be published".

സർ, എന്റെ ഒന്നാമത്തെ ഭേദഗതിയിൽ പറയുന്നത്, ലൊക്കാലിറ്റിയിൽ സർക്കുലേഷൻ ഉള്ള പത്രം എന്നാണ്. മൂലനിയമത്തിൽ ലൊക്കാലിറ്റി എന്താണെന്ന് ഡിഫൈൻ ചെയ്തിട്ടില്ല. ലൊക്കാലിറ്റിയിലുള്ള പത്രത്തിൽ പരസ്യം ചെയ്യണമെന്നു പറഞ്ഞാൽ ഭൂമിയുടെ ഉടമസ്ഥൻ ആ ഭൂമിയുള്ള ലൊക്കാലിറ്റിയിൽത്തന്നെ താമസിച്ചുകൊള്ളണമെന്ന് നിർബന്ധമില്ല. അയാളുടെ താമസം വേറെ ഏതെങ്കിലും സ്ഥലത്താകാം. ആ ജില്ലയിലാകാം. അല്ലെങ്കിൽ ആ ജില്ലയിൽത്തന്നെ വേറെ ഏതെങ്കിലും താലൂക്കിലാകാം. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ലൊക്കാലിറ്റിയിലുള്ള പത്രത്തിൽ എന്നുപറയുന്നത് ശരിയായിട്ടുള്ള കാര്യമല്ല. മൂലനിയമത്തിൽത്തന്നെ ലൊക്കാലിറ്റി എന്താണെന്ന് ഡിഫൈൻ ചെയ്തിട്ടില്ല. അതുകൊണ്ട് ആ 'ലൊക്കാലിറ്റി'യെന്നുള്ളത് മാറ്റി മിനിമം 'ആ ജില്ലയിൽ സർക്കുലേഷൻ ഉള്ളത്'' എന്നാക്കി മാറ്റണമെന്നുള്ളതാണ് എന്റെ ഒന്നാമത്തെ ഭേദഗതി.

രണ്ടാമത്തെ ഭേദഗതി, ലൊക്കാലിറ്റിയിൽ സർക്കുലേഷൻ ഉള്ള പത്രം ഏതെന്ന് നിശ്ചയിക്കുന്നത് സർവ്വേ ഓഫീസറുടെ അഭിപ്രായമനുസരിച്ച് വേണമെന്നാണ്. ലൊക്കാലിറ്റിയിലെ പത്രത്തിന്റെ സർക്കുലേഷനെക്കുറിച്ച് സർവ്വേ ഓഫീസർ അറിഞ്ഞുകൊള്ളണമെന്നില്ല. ഒരു സർവ്വേ ഓഫീസർ എല്ലാ പത്രത്തിന്റേയും സർക്കുലേഷൻ കൃത്യമായി പരിശോധിക്കുന്ന ആളല്ല. ആ പ്രദേശത്തിലെ പത്രത്തിലെ സർക്കുലേഷനും മറ്റും ആധികാരികമായി അറിയാവുന്നയാളം പബ്ലിക് റിലേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ഡിസ്ട്രിക്ട് ഇൻഫർമേഷൻ ഓഫീസറാണ്. ഡിസ്ട്രിക്ട് ഇൻഫർമേഷൻ ഓഫീസറാണ് ലൊക്കാലിറ്റിയിലുള്ള പത്രത്തെക്കുറിച്ച് തീരുമാനിക്കുന്നത്. അല്ലാതെ സർവ്വേ ഓഫീസറല്ല. അതുകൊണ്ട് 'സർവ്വേ ഓഫീസർ' എന്നുള്ളതിനു പകരം ഡിസ്ട്രിക്ട് ഇൻഫർമേഷൻ ഓഫീസർ എന്നാക്കി മാറ്റണം എന്നുള്ളതാണ് എന്റെ രണ്ടാമത്തെ ഭേദഗതി.

മൂന്നാമത്തെ ഭേദഗതി, പുതിയ ഭേദഗതി അനുസരിച്ച് സർവ്വേ കഴിഞ്ഞാലുള്ള നോട്ടീസ് പഞ്ചായത്തു ഓഫീസുകളിലും മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും ഇടണം. അതായത് സെക്ഷൻ 9 അനുസരിച്ച് വില്ലേജ് ഓഫീസിലും മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും ഇത് പരസ്യപ്പെടുത്തണമെന്ന്. പറയുന്നുണ്ട്. എന്നാൽ സെക്ഷൻ ആറിൽ പറയുന്നത് പത്രത്തിൽ പരസ്യം ചെയ്താലും മതിയെന്നാണ്. അതുകൊണ്ട് സെക്ഷൻ ആറിൽക്കൂടി ആളുകൾക്ക് ഈ സൗകര്യം കൂടുതൽ ഉണ്ടാകത്തക്കവിധത്തിൽ പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ ഓഫീസുകളിൽ കൂടി ഇത് പരസ്യപ്പെടുത്തണമെന്നുള്ളതാണ് എന്റെ മൂന്നാമത്തെ ഭേദഗതി.

നാലാമത്തെ ഭേദഗതിയിൽ, ഈ പ്രൊവിസോ അനുസരിച്ച്, നോട്ടീസ് ഗസറ്റിലോ, പത്രങ്ങളിലോ പരസ്യപ്പെടുത്താവുന്നതാണ്. എന്നാൽ ഇവിടെ ഉപയോഗിച്ചിരിക്കുന്നത്, 'may be published' എന്നാണ്. 'may' എന്നു പറഞ്ഞാൽ അത് കമ്പൽസറിയല്ല. 'may be published' എന്നാണ് പറയുന്നത്. ഈ നിയമത്തിലെ ഒൻപതാം വകുപ്പിൽ പറയുന്നത്, shall be published എന്നാണ്. രണ്ടാമത്തെ സബ്സെക്ഷനിൽ പറയുന്നത്, "Notice of every decision of the Survey Officer under sub-section (1) shall be published" എന്നാണ്. തൊട്ടടുത്ത ക്ലാസിൽ, 'shall be published' എന്നാണ് പറയുന്നത്. ഈ ക്ലാസിൽ പറയുന്നത്, 'may be published' എന്നാണ്. 'may' എന്ന വാക്ക് മാൻഡേറ്ററി അല്ലാത്തതുകൊണ്ട് മൂന്നാമത്തെ ക്ലാസിൽ സബ്ക്ലാസ് 2-ൽ പറയുന്നതുപോലെതന്നെ 'shall be published' എന്നാക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : Sir, I move that, After the proviso proposed to be added to sub-section (1) of Section 6 of she principal Act by clause 2, the following further proviso shall be added, namely :—

"Provided further that in case the notification is published in the news papers such notification shall be published on two days consecutively".

പത്രങ്ങളിൽ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുമ്പോൾ ഒരു ദിവസമാത്രം പത്രങ്ങളിൽ പ്രസിദ്ധീകരിച്ചാൽ പലരുടേയും ശ്രദ്ധയിൽ പെട്ടെന്നം

LIBRARY ARCHIVES Kerala Legislative Assembly

വരില്ല. അതുകൊണ്ട് അപ്രകാരം നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുമ്പോൾ തുടർച്ചയായി രണ്ടു ദിവസങ്ങളിൽ പത്രങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടതുണ്ട്.

വനം വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ പറഞ്ഞിരിക്കുന്നത്, Gazette or two news papers എന്നാണ് ബില്ലിൽ പറഞ്ഞിരിക്കുന്നത്. പത്രങ്ങളിലും ഗസറ്റിലും പബ്ലിഷ് ചെയ്യണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടിട്ടുള്ളത്. Gazette or news papers എന്നു പറഞ്ഞിട്ടുണ്ടെങ്കിലും പത്രങ്ങളിലാണ് ഇന്ന് ഇത് പ്രസിദ്ധീകരിക്കുന്നത്. ഈ സഭയിൽ മുമ്പ് കൊണ്ടുവന്നിട്ടുള്ള ലാൻറ് അക്വിസിഷൻ ആക്ടുണ്ട്. എൻെറ ഓർമ്മ ശരിയാണെങ്കിൽ അവിടെയും Gazette or news papers എന്നാണ് പറഞ്ഞിട്ടുള്ളത്. ഗസറ്റിൽ കൊടുക്കുന്നത് വളരെ കാല താമസമുണ്ടാക്കുമെന്നുള്ളതുകൊണ്ട് പത്രങ്ങളിലാണ് ഇപ്പോഴും കൊടുത്തു കൊണ്ടിരിക്കുന്നത്. ഗസറ്റിൽ വരുന്നതിനെക്കാൾ പത്രങ്ങളിൽ എത്രയും വേഗത്തിൽ പബ്ലിഷ് ചെയ്യാൻ കഴിയുന്നതുകൊണ്ട് പത്രങ്ങളിലാണ് കൊടുക്കുന്നത്. ഇപ്പോഴും പ്രായോഗികമായിട്ട് പത്രങ്ങളിൽ മാത്രമാണ് പബ്ലിഷ് ചെയ്യുന്നത്. കാലതാമസം ഒഴിവാക്കുകയെന്നുള്ളതാണ് ഇതിലെ പ്രധാന ലക്ഷ്യമെന്നുള്ളതുകൊണ്ട് പ്രായോഗികമായിട്ട് പത്രങ്ങളിലാണ് കൊടുക്കുന്നത്. അതുകൊണ്ട് അദ്ദേഹത്തിൻെറ അമെൻഡ്മെൻറ് സ്വീകരിക്കുകയാണെങ്കിൽ ഗസറ്റ് ഒഴിവാക്കേണ്ടതായിട്ട് വരും. അതും കിടന്നുകൊള്ളട്ടെയെന്ന് വിചാരിച്ചാണ്.

ശ്രീ. കാനം രാജേന്ദ്രൻെറ ഭേദഗതിയെക്കുറിച്ച് പറയുകയാണെങ്കിൽ, പല അവസരത്തിലും may be എന്നുള്ളതിന് shall ൻെറ അർത്ഥം തന്നെ കിട്ടുമെന്നുള്ളതാണ്. ഈ സഭയിൽ തന്നെ പലപ്പോഴും സ്വീകരിച്ചിട്ടുള്ള ഒരു നിലപാടാണത്. ഒരു ലൊക്കാലിറ്റിയിൽ സർക്കുലേഷനുള്ള പത്രങ്ങളെന്നു പറയുമ്പോൾ, സാധാരണഗതിയിൽ ആ ലൊക്കാലിറ്റിയിൽ സർക്കുലേഷനുള്ള പത്രങ്ങളിലേ കൊടുക്കാറുള്ളു. ആളുകൾ മാറി താമസിക്കുക എന്നതൊക്കെ വളരെ ചെറിയൊരു ശതമാനം മാത്രമാണ്. ബഹുഭൂരിപക്ഷം ജനങ്ങളും ആ പ്രദേശത്തു തന്നെ താമസിക്കുന്നവരാണ്.

ശ്രീ. കാനം രാജേന്ദ്രൻ : നിയമത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ, ഒന്നുകിൽ ലൊക്കാലിറ്റി എന്നുള്ളത് മൂലനിയമത്തിൽ ഡിഫൈൻ ചെയ്തിരിക്കണം. അങ്ങനെ ചെയ്യാത്തിടത്തോളം 'ലൊക്കാലിറ്റി' എന്നു പറയുന്നതിനെ എങ്ങനെ വേണമെങ്കിലും വ്യാഖ്യാനിക്കാമെന്നുവരും.

ശ്രീ. പി. ജെ. ജോസഫ് : ലൊക്കാലിറ്റിയെന്നുള്ളത് ആ പ്രദേശത്തെയാണ് അർത്ഥമാക്കുന്നത്. ഒരു വില്ലേജിൽ പ്രസിദ്ധീകരിക്കുമ്പോൾ ആ പ്രദേശത്തെ സർക്കുലേഷനുള്ള ഒരു പത്രത്തിനെക്കുറിച്ച് പൊതുജനാഭിപ്രായമുണ്ട്. അതനുസരിച്ച് ചെയ്യാമെന്നുള്ളതാണ്. കൃത്യമായ കണക്കുകൾ നോക്കിയല്ല ചെയ്യാറുള്ളത്. ഇപ്പോഴും തന്നെ പത്രങ്ങളിൽ ഇത്തരം പരസ്യങ്ങൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. മറ്റു പല നിയമത്തിലുമുള്ള ഭാഗങ്ങൾ തന്നെയാണ് ചേർത്തിരിക്കുന്നത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതികൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ അവതരിപ്പിച്ച ഭേദഗതികൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടും വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

മൂന്നാം വകുപ്പ്

ശ്രീ. വർക്കല രാധാകൃഷ്ണൻ : Sir, I move that, In sub-section (2) of Section 9 of the principal Act proposed to be substituted by clause 2, in item (a) for the word "or" appearing after the word "Gazette" substitute the word "and".

ബഹുമാനപ്പെട്ട മന്ത്രി നേരത്തെ ഞാൻ കൊടുത്ത ഭേദഗതിക്ക് പറഞ്ഞ മറുപടി യുക്തിക്ക് നിരക്കാത്തതാണ്. കാരണം, ഒരു ഗവൺമെൻറിന്റെ നോട്ടിഫിക്കേഷൻ ഒരു പത്രത്തിൽ കൊടുക്കുവാൻ എത്രവിധത്തിൽ സാധിക്കും? നേരെമറിച്ച്, ഏതെങ്കിലുമൊരു ഉദ്യോഗസ്ഥനു ഒരു ഗസറ്റിൽ മാത്രം പ്രസിദ്ധപ്പെടുത്തിയാൽ മതി, ആരും അറിയില്ല. പത്രങ്ങളിൽ കൂടി പ്രസിദ്ധപ്പെടുത്തണമെന്നുള്ളതു കമ്പൽസറിയാക്കാൻ വേണ്ടിയാണ് ഇതു പറഞ്ഞത്. അതുകൊണ്ട് ഈ ഭേദഗതി കുറെക്കൂടി ശക്തിയായി ഞാൻ ആവശ്യപ്പെടുകയാണ്. ഇന്നല്ലെങ്കിൽ നാളെ ഗവൺമെൻറിനു ഇതു മാറേണ്ടിവരുമെന്ന കാര്യം ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ഇപ്പോഴും നിങ്ങളം ജയിക്കുമായിരിക്കാം.

ശ്രീ. കാനം രാജേന്ദ്രൻ : സർ, താഴെപ്പറയുന്ന ഭേദഗതികളും ഞാൻ അവതരിപ്പിക്കുന്നു.

(1) In sub-section (2) of Section 9 of the principal Act, proposed to be substituted by clause 3, in item (a) for the words "in the opinion of the Survey Officer" substitute the words "in the opinion of the District Information Officer".

(2) In sub-section (2) of section 9 of the principal Act, proposed to be substituted by clause 3 in item (a) for the words "circulation in the locality" substitute the words "Circulation in the District".

ഇതിനു മുമ്പുള്ള അമെൻഡ്മെൻറ്സ് തള്ളിയ സാഹചര്യത്തിൽ ഇതിനെക്കുറിച്ച് പറഞ്ഞിട്ട് കാര്യമില്ല. എങ്കിലും അതിനോടുള്ള മന്ത്രിയുടെ സമീപനം ശരിയല്ലെന്ന് ചൂണ്ടിക്കാണിക്കാതിരിക്കുവാൻ നിവൃത്തിയില്ല. ഒൻപതാം വകുപ്പിൽ ഞാൻ പറഞ്ഞതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞില്ല. തൊട്ടടുത്ത വകുപ്പിൽ മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലുമെല്ലാം പബ്ലിഷ് ചെയ്യണമെന്ന് പറയുന്നുണ്ട്. ആളുകളുടെ സൗകര്യമാണ് നോക്കുന്നതെങ്കിൽ അങ്ങ് ആ ഭേദഗതികളും അംഗീകരിക്കുമായിരുന്നു. അതുപോലും ചെയ്തില്ല. അതുകൊണ്ട് ഞാൻ കൂടുതലൊന്നും പറയുന്നില്ല.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ആറാമത്തെ വകുപ്പിൽ ഒബ്ജക്ടീവ്സിൽ പ്രധാനമായിട്ട് ഉദ്ദേശിക്കുന്നത് ലാൻഡ് അക്വിസിഷൻ ആക്ടാണ്. റീസർവേയുടെ ആവശ്യത്തിലുണ്ടായിട്ടുള്ള ഭേദഗതി 9, (2) ആണ്. ആ വ്യത്യാസം ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കണം.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതികളെ സഭ വോട്ടിനിട്ട് നിരാകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി തീർന്നു.

നാലാം വകുപ്പ്

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി തീർന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, 1986-ലെ കേരള സർവ്വേ അതിരടയാള (ഭേദഗതി) ബിൽ പാസാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, പത്രങ്ങളിലോ ഗസറ്റിലോ നോട്ടീസ് പ്രസിദ്ധീകരിക്കാമെന്നുള്ളത് അങ്ങനെതന്നെ നിന്നുകൊള്ളട്ടെയെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. സാധാരണഗതിയിൽ ഇപ്പോഴും പത്രങ്ങളിലാണ് പ്രസിദ്ധീകരിക്കുന്നത് ; ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നില്ല. അത് വളരെ നല്ലതുതന്നെയാണ്. സ്വീകാര്യവുമാണ്. ബഹുമാനപ്പെട്ട മന്ത്രി അതിനു പറഞ്ഞിട്ടുള്ള കാരണങ്ങളും സ്വീകാര്യമല്ല. അദ്ദേഹം പറഞ്ഞതു, ഗസറ്റിൽ പബ്ലിഷ് ചെയ്യുകയാണെങ്കിൽ കാലതാമസം വരും, അതുകൊണ്ട് പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നുവെന്നാണ്. ശരിയായിരിക്കാം, ഗസറ്റിൽ പബ്ലിഷ് ചെയ്യുകയാണെങ്കിൽ കാലതാമസമുണ്ടാകുമായിരിക്കാം. പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയാണെങ്കിൽ കാലതാമസം വരില്ലായിരിക്കാം. പക്ഷേ അതാണോ ഇതിന്റെ ഉദ്ദേശം ? ആ ഉദ്ദേശത്തോടുകൂടിയാണോ കേരള ലാൻഡ് അക്വിസിഷൻ ആക്ടിൽ ഭേദഗതി വരുത്തിയത് ? അതല്ലെന്നാണ് എനിക്ക് തോന്നുന്നത്. ഇത്തരത്തിലൊരു സർവ്വേ നടക്കാൻ പോകുന്നുണ്ടെന്ന് സാധാരണഗതിയിൽ എല്ലാവർക്കും മനസ്സിലാകണം. അതിന് ഗസറ്റിൽ പ്രസിദ്ധീകരിച്ചാൽ പോരാ, പബ്ലിക്കേഷൻ സാധാരണക്കാർക്കെല്ലാവർക്കും കിട്ടണമെങ്കിൽ അത് പത്രങ്ങളിൽ പ്രസിദ്ധീകരിക്കണം. അതുകൊണ്ട് പത്രങ്ങളിൽകൂടി പ്രസിദ്ധീകരിക്കുകയെന്നുള്ള നടപടി ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ളത് തുടരണമെന്നാണ് എനിക്ക് പറയാനുള്ളത്. എത്രയോ ഇരുപത്തിയാറു കൊല്ലമായി നമ്മുടെ സംസ്ഥാനത്ത് റീസർവ്വേ തുടങ്ങിയിട്ട്. ഇതുവരെ ആ റീസർവ്വേ അവസാനിപ്പിക്കാൻ സാധിച്ചിട്ടില്ല. ഈ നിയമത്തിന്റെ ഭേദഗതികൊണ്ട് ബാക്കിയുള്ള ഭാഗങ്ങളിലെ റീസർവ്വേ ത്വരിതപ്പെടുത്തുവാൻ നടപടിയെടുക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അതുകൊണ്ട് ഈ സംസ്ഥാനത്തെ

LIBRARY ARCHIVES Kerala Legislative Assembly

റീസർവേ വളരെ വേഗത്തിൽ പൂർത്തിയാക്കാനുള്ള നടപടികളും ഗവൺമെന്റ് സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. സിറിയക് ജോൺ: സർ, ബഹുമാനപ്പെട്ട മന്ത്രി പ്രായോഗികമായ സമീപനം സ്വീകരിക്കുമെന്നായിരുന്നു ഞങ്ങളുടെയൊക്കെ പ്രതീക്ഷ. ഇതിന്റെ പ്രാരംഭ ചർച്ചയിൽ തന്നെ ഞങ്ങളുടെ പ്രായോഗിക അനുഭവത്തിന്റെ വെളിച്ചത്തിൽ ചില കാര്യങ്ങളും ഞങ്ങൾ ചൂണ്ടിക്കാണിച്ചു. അതൊന്നും തീർത്തും പരിഗണിക്കപ്പെട്ടിട്ടില്ലെന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഇപ്പോൾ ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് കൊടുക്കുന്നതിന് കാലതാമസം വരുമെന്ന വാദത്തെക്കുറിച്ച് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. പത്രത്തിൽ പരസ്യം ചെയ്യുമാണെങ്കിൽപ്പോലും പി. ആർ. ഡി. വഴിയോ ഡിസ്ട്രിക്ട് ഇൻഫർമേഷൻ ആഫീസ് വഴിയോ വേണം പരസ്യം നൽകാൻ എന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. അതല്ലാതെ വല്ല സംവിധാനവുമുണ്ടെങ്കിൽ അതിനെക്കുറിച്ച് ഒരു എക്സംപ്ഷൻ ഹോപ്പ് ഉണ്ടെങ്കിൽ കുറെക്കൂടി മനസ്സിലാകുമായിരുന്നു. പട്ടയം പാസ് ബുക്കിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി സമാശ്വസിപ്പിക്കുന്നുണ്ട്. ഇത് പറയാൻ തുടങ്ങിയിട്ട് എത്ര കൊല്ലമായി ? ഒരു വാദത്തിനുവേണ്ടി പറഞ്ഞാൽ അങ്ങയുടെ നിയോജക മണ്ഡലമായ മണല്ലൂർ അങ്ങയുടെ സഹായത്തോടുകൂടി എനിക്ക് ഒരു തുണ്ട് ഭൂമിയുണ്ടായി എന്ന് സങ്കൽപ്പിക്കുക. ആ ഏരിയായിൽ വളരെ പ്രചാരമുള്ള പത്രം മലയാളം എക്സ്പ്രസ്സാണ്. അതൊരു നല്ല പത്രമാണ്. എനിക്ക് വളരെ തൃപ്തിയുള്ള ഒരു പത്രമാണ് അത്. പക്ഷെ എന്റെ നാട്ടിൽ ആ പത്രം ഞാൻ എത്ര അന്വേഷിച്ചാലും കിട്ടുകയില്ല. അങ്ങനെയാണെങ്കിൽ വേറെ ആരെങ്കിലും ഈ പരസ്യം കണ്ടിട്ട് എന്നോട് ആ വിവരം ധരിപ്പിക്കാൻ പോലുമുള്ള സന്ദർഭം കിട്ടുന്നില്ല. ലൊക്കാലിറ്റിയിൽ പ്രചാരമുള്ള പത്രം എന്നുപറയുമ്പോൾ അതിൽത്തന്നെ ധാരാളം ഒളിച്ചുകളിയുണ്ടെന്നാണ് എന്റെ സംശയം. ഇവിടെ എം. എൽ. എ. മാരുടെ ഹൗസിംഗ് സ്കീമിനെ സംബന്ധിച്ചിടത്തോളം ലൊക്കാലിറ്റി എന്നുള്ള അവ്യക്തമായ അല്ലെങ്കിൽ ആർക്കും എങ്ങനെയും വ്യാഖ്യാനിക്കാവുന്ന ഒരു പ്രൊവിഷൻ വച്ചു കൊണ്ടാണ് അപേക്ഷകൾ സ്വീകരിക്കുന്നത്. അതുകൊണ്ട് വളരെ ദുർവ്യാഖ്യാനം ചെയ്യപ്പെടാവുന്ന ഒരു കാര്യമാണ് ഇത്. ഇന്ന് ഈ സംസ്ഥാനത്ത് പോസ്റ്റൽ സംവിധാനം വളരെ കാര്യക്ഷമമായി നടക്കുന്നുണ്ട്. പോസ്റ്റാഫീസുവഴി ഒരു കക്ഷിക്ക് ഒരു നോട്ടീസ് അയയ്ക്കുന്നതിന് ഏറിയാൽ രണ്ടു ദിവസമോ മൂന്നു ദിവസമോ താമസമേ ഉണ്ടാവുകയുള്ളൂ. ഒരു വില്ലേജ് ഓഫീസിൽ പരസ്യപ്പെടുത്തുന്നതിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. എന്റെയൊക്കെ നിയോജക മണ്ഡലത്തിലെ വില്ലേജ് ആഫീസുകളും എടുത്താൽ അവയുടെ വിസ്തൃതി 90 ചതുരശ്ര കിലോമീറ്ററാണ്. അങ്ങനെയുള്ള ഒരു വില്ലേജിന്റെ അങ്ങേയറ്റത്തുള്ള സ്ഥലമുടമയ്ക്ക് ആ വില്ലേജ് ആഫീസിൽ ഈ കാര്യത്തെ സംബന്ധിച്ച് നോട്ടീസ് പരസ്യം ചെയ്താൽ അത് ബന്ധപ്പെട്ട കക്ഷി അറിഞ്ഞുകൊള്ളും എന്നു ധരിക്കുന്നത് ശരിയല്ല. അത് പരിഗണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഈ നിയമം അവസാനമായി പാസാക്കാൻ പോകുന്നതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. സർവ്വേ എന്നുപറഞ്ഞാൽ വളരെ സാങ്കേതികത്വം നിറഞ്ഞതാണ്. Resurvey നടത്തുന്നതിന് മാനേജ്മെന്റ് permission ആണ്. കക്ഷികൾക്ക് നോട്ടീസ് കൊടുത്തില്ല എങ്കിൽ സർവ്വേ പാർട്ടിക്കാർക്ക് ഇഷ്ടമുള്ളവർക്ക് അളന്നുകൊടുക്കുവാൻ കഴിയും. അങ്ങനെ, നോട്ടീസ് കൊടുക്കാതെ തന്നെ 7000 അപേക്ഷകൾ ഒരു വില്ലേജിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്ന് കിട്ടിയതായി ഞങ്ങളോടു പറഞ്ഞു. എന്നിട്ട് അതിന്റെ അടിയിൽ ഒരു വാചകവും പറഞ്ഞു. പത്രത്തിൽ കൊടുത്തു, ഗസറ്റിൽ കൊടുത്തു, ഞങ്ങളും നോട്ടീസും അടിച്ചിറക്കി എന്നൊക്കെയാണ് പറഞ്ഞത്. നോട്ടീസ് അടിച്ചിറക്കാൻ ഇതിൽ വ്യവസ്ഥയുണ്ടോ ? അങ്ങനെയൊന്നും ഇതിൽ വ്യവസ്ഥയില്ല. നോട്ടീസ് അടിച്ചിറക്കിയിട്ട് ഏഴായിരം അപേക്ഷകൾ കിട്ടിയെന്നാണ് പറയുന്നത്. സാങ്കേതികത്വം നിറഞ്ഞ Survey Settlement 1875 ലോ മറ്റോ ആണ് ഇവിടെ നടന്നത്. അത് കഴിഞ്ഞ ശേഷം പുതിയ രേഖകൾ ഉണ്ടാക്കാൻ പോവുകയാണ്, നമ്മുടെ നാട്ടിൽ കാർഷിക പരിഷ്കരണവും മറ്റുമെല്ലാം വന്നതിന്റെ പേരിൽ കൈവശമുള്ള ഭൂമി അളന്ന് കൊടുക്കാനാണ് പറഞ്ഞിട്ടുള്ളത്. പഴയ പട്ടയമോ രേഖകളോ റിക്കാർഡുകളോ നോക്കിയല്ല ഇത് പറയുന്നത്. ഇത് അവധാനതയോടുകൂടി ചെയ്യേണ്ട കാര്യമാണ്. ഇത് ഇത്രയും താമസിച്ചത് എന്തുകൊണ്ടാണ് ? ഞാൻ മന്ത്രിയായിരുന്ന കാലത്ത് തുടങ്ങിയതാണ് Re-survey. വേണ്ടത്ര സ്റ്റാഫും കാശുമില്ലാത്തതുകൊണ്ടാണ് ഇത് താമസിച്ചത്. എത്ര സർവ്വേ പാർട്ടിയെ നിങ്ങൾ നിയമിച്ചു. നോട്ടീസ് കൊടുത്തിട്ടാണോ അങ്ങനെ താമസിച്ചത് ? നോട്ടീസ് കൊടുത്ത് സർവ്വേ ചെയ്തു കഴിഞ്ഞശേഷം അവസാനം ഡ്രാഫ്റ്റ്സ്മാൻ ഇതൊക്കെ വരച്ച് Plan റെഡിയാക്കുന്ന കാര്യത്തിന് ഇവർ നടപടിയെടുത്തു എന്നാണ് പറയുന്നത്. തമ്മിൽ കലാപം ഉണ്ടാക്കത്തക്ക വിധത്തിലുള്ള ഒരു നടപടിയാകാൻ പാടില്ല റീസർവ്വേ. അതുകൊണ്ടാണ് ഞങ്ങൾ ഇത് പറയുന്നത്. അല്ലാതെ വിരോധം കൊണ്ടല്ല പറയുന്നത്. ഇതിനെ സംബന്ധിച്ച് ആളുകളുടെ അഭിപ്രായവും ആളുകളുടെ വിഷമസ്ഥിതിയും എല്ലാം മനസ്സിലാക്കണമെന്നു മാത്രമേ എനിക്ക് പറയുവാനുള്ളു.

ശ്രീ. ടി. എസ്. ജോൺ : സർ, റീസർവ്വേ വളരെ കാലതാമസമുണ്ടാക്കുന്നു എന്ന് ബോദ്ധ്യമായപ്പോൾ ആ കാലതാമസം ഒഴിവാക്കുന്നതിനു വേണ്ടിയാണ് ഈ നിയമം കൊണ്ടു വന്നിട്ടുള്ളത്. ലാൻഡ് അക്വിസിഷൻ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി ചെയ്യുകയാണെങ്കിൽ കാലതാമസമുണ്ടാകും. അതുകൊണ്ട് അതൊഴിവാക്കാനാണ് ഇത് കൊണ്ടുവന്നിരിക്കുന്നത്. നമ്മുടെ നാട്ടിൽ ഗസറ്റ് വായിക്കുന്ന എത്ര ആളുകളുണ്ട് ? പഞ്ചായത്ത് ആഫീസിലൊക്കെ ഗസറ്റ് വരുത്തുന്നുണ്ട്. പക്ഷെ ഗസറ്റ് വായിക്കുന്ന ആളുകൾ നമ്മുടെ നാട്ടിൽ വളരെ കുറവാണ്. അതേ സമയം പത്രങ്ങൾ വായിക്കാത്ത ആളുകളുടെ എണ്ണവും നമ്മുടെ നാട്ടിൽ കുറവാണ്. അതുകൊണ്ടാണ് ഒരു പ്രദേശത്ത് കൂടുതൽ സർക്കുലേഷനുള്ള രണ്ടു പത്രങ്ങളിൽ ഇത് പ്രസിദ്ധപ്പെടുത്തി റീസർവ്വേയും ലാൻഡ് അക്വിസിഷനും നടത്താൻ തീരുമാനിച്ചത്. റീസർവ്വേ വളരെ ത്വരിതപ്പെടുത്തുന്നതിനും ലാൻഡ് അക്വിസിഷൻ ഗവൺമെന്റിന്റെ ആവശ്യത്തിനുവേണ്ടി ത്വരിതപ്പെടുത്തുന്നതിനും വളരെ പ്രയോജനമുള്ള ഒരു നിയമം എന്ന നിലയിൽ ഈ നിയമത്തെ ഞാൻ അനുകൂലിക്കുന്നു. ഈ നിയമം കൊണ്ടുവന്ന് ഇത് ത്വരിതപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. കെ. ജോസഫ്) : സർ, ബഹുമാനപ്പെട്ട കെ. ചന്ദ്രശേഖരൻ പറഞ്ഞതുപോലെ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നത് കാലതാമസം ഒഴിവാക്കാൻ വേണ്ടി മാത്രമല്ല കൂടുതൽ ആളുകൾ അറിയുന്നതിനുവേണ്ടിയാണ്. ഞാൻ ആ വാദഗതി അംഗീകരിക്കുന്നു. ആ ഉദ്ദേശവും കൂടി ഇതിലുണ്ട്. മൂന്നു വില്ലേജുകളിൽ പട്ടയം പാസ് ബുക്ക് കൊടുത്തുകഴിഞ്ഞു. മുഴുവൻ ആളുകൾക്കും നോട്ടീസ് കൊടുത്തശേഷമാണ് കൊടുത്തിട്ടുള്ളത്. പട്ടയം പാസ് ബുക്ക് കൊടുക്കുകയെന്നു

LIBRARY ARCHIVES Kerala Legislative Assembly

ള്ളത് ഗവൺമെൻറ് തീരുമാനിച്ചു കഴിഞ്ഞു. കഴിഞ്ഞ കളക്ടേഴ്സ് കോൺ ഫറൻസിൽ സുപ്രധാനമായി റീസർവ്വേയെക്കുറിച്ച് ചർച്ച ചെയ്തു. ഇനി എത്ര വർഷങ്ങൾക്കുള്ളിൽ റീസർവ്വേ പൂർത്തിയാക്കാം. അതുപ്പോലെ സെറ്റിൽമെൻറ് നടത്താനും പട്ടയം പാസ് ബുക്ക് കൊടുക്കാനും എത്ര കാലതാമസം വരും, അതിന് എന്തു ചെലവു വരും, അതിന് എത്ര സ്റ്റാഫിനെ ആവശ്യമുണ്ട്, അതിന്റെ മുഴുവൻ കാര്യങ്ങളെക്കുറിച്ചും അന്വേഷിച്ചും ഒരാഴ്ചക്കുള്ളിൽ റിപ്പോർട്ട് തരണമെന്നാവശ്യപ്പെട്ടിരിക്കുകയാണ്. അതനുസരിച്ച് ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും ഉണ്ടാക്കാൻ ഗവൺമെൻറ് തീരുമാനിച്ചു കഴിഞ്ഞു. എന്തെങ്കിലും പിശകുകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ പട്ടയം പാസ് ബുക്ക് കൊടുക്കുന്ന അവസരത്തിൽ മുഴുവൻ ആളുകൾക്കും ഇൻഡിവിടുവൽ നോട്ടീസ് കൊടുക്കുന്നുണ്ട്, അപ്പോൾ തിരുത്താൻ കഴിയും. അതിനുള്ള നിയമവും ഗവൺമെൻറ് കൊണ്ടു വരാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. സിറിയക് ജോൺ : സർ, ഞാൻ ബഹുമാനപ്പെട്ട മന്ത്രി പറയുന്നതിന്റെ ഉദ്ദേശശുദ്ധിയെ സംശയിച്ച് പറയുന്നതല്ല. ഇവിടെ പട്ടയത്തെ സംബന്ധിച്ച് കൊല്ലങ്ങളായി പറയുന്നതാണ്. അതൊന്നും നമുക്ക് സാധിച്ചിട്ടില്ല. മന്ത്രി എത്ര ആത്മാർത്ഥമായി അതിനുവേണ്ടി ശ്രമിച്ചിട്ടും അതിനു സാധിച്ചിട്ടില്ല. അതുപോലെ പട്ടയം പാസ് ബുക്കിനെ സംബന്ധിച്ചും ഒരു പക്ഷെ എത്ര ശ്രമിച്ചാലും നിശ്ചിത സമയത്തിനുള്ളിൽ സാധിക്കാതെ പോയാൽ ആളുകൾക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാകും. അല്ലെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് കാറഗോറിക്കലായിട്ട് ഇന്ന തീയതിക്കകം പട്ടയം പാസ് ബുക്ക് എല്ലാവർക്കും ലഭിച്ചിരിക്കും എന്ന് തീർത്ത് പറയാൻ സാധിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : ഒരു നിശ്ചിത തീയതിക്കുള്ളിൽ പൂർത്തിയാക്കാനുള്ള നടപടിയാണ് എടുക്കുന്നത്. ഞാൻ അതു മാത്രമല്ല പറഞ്ഞത്, ഞാൻ ആദ്യമേ പറഞ്ഞു, 46 വില്ലേജുകളിൽ ഈ നടപടികൾ പൂർത്തിയായിരിക്കുന്നു. 46 വില്ലേജുകളിൽ നിന്ന് ആകെ കിട്ടിയ പരാതികൾ 35000 ആണ്. വില്ലേജാഫീസുകളിലും പഞ്ചായത്താഫീസുകളിലും പ്രസിദ്ധീകരിച്ചിരിക്കുന്നത് നോക്കണമെന്നു പറഞ്ഞാൽ, അയൽവക്കത്തുള്ള ആളുകൾ അതു കേട്ടു വന്ന് പരിശോധിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കിയത്. പരാതിയുള്ളവർ കൊടുക്കുന്നു. ഒരാൾ ആ സ്ഥലത്തിന് വെളിയിൽ താമസിക്കുകയെന്നു പറഞ്ഞാൽ ഒരു ശതമാനം പോയിട്ട് അര ശതമാനം പോലും ആളുകൾ ഇന്ന് വെളിയിൽ താമസിക്കുന്നില്ല. അവർക്കു വേണ്ടി ഒരു നിയമം ഉണ്ടാക്കാൻ കഴിയുകയില്ല. പ്രായോഗികമായി ഇതു നടന്നുകൊണ്ടിരിക്കുന്നു. കേരളത്തിൽ ആളുകൾ വളരെ ബോധവാൻമാരാണ്. അവർ ഈ കാര്യങ്ങൾ പരിശോധിച്ചശേഷം തിരുത്തുന്നതിനുവേണ്ടി അപേക്ഷകൾ കൊടുത്തു കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കാലവിളംബം ഒഴിവാക്കി റീസർവ്വേ നടപടികൾ ഏറ്റവും വേഗം പൂർത്തിയാക്കാൻ ഉതകുന്ന ഒരു സ്റ്റെപ്പ് എന്നുള്ള നിലയിലാണ് ഇത് പാസാക്കണമെന്ന് ആവശ്യപ്പെടുന്നത്. ബഹുമാനപ്പെട്ട കെ. ചന്ദ്രശേഖരൻ പറഞ്ഞതുപോലെ ഒരു നിശ്ചിത സമയത്തിനുള്ളിൽ പാസാക്കേണ്ടതാണ് ആവശ്യമാണ്. അതിനുവേണ്ടി അടിയന്തിര നടപടികൾ ഗവൺമെൻറ് സ്വീകരിക്കുന്നതാണ്.

1988-ലെ കേരള സർവ്വേ അതിരടയാള (ഭേദഗതി) ബിൽ പാസാക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പാസായതായി പ്രഖ്യാപിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly